ശ്രീ. വക്കം പുരുഷോത്തമൻ: അദ്ദേഹം ഉന്നയിച്ച സ്ഥിതിക്ക് മറുപടി പറയാതിരിക്കാൻ നിർവ്വാഹമില്ല. ഏത് നയമാണ് മദ്യലോബിയുടെ മുമ്പിൽ അടിയറ വയ്ക്കുന്നത് എന്നുപറയണം. നിലവിലുള്ള നിയമമനുസരിച്ച് കേരളത്തിലെ ത്രീ സ്റ്റാർ ഹോട്ടലുകൾക്കെല്ലാം ഇപ്പോൾ ബാർ ലൈസൻസ് കൊടുക്കാം. അവർക്ക് അതിന് അർഹതയുണ്ട്. അത് അവരുടെ റൈറ്റാണ്. പക്ഷേ ബിയർ കൊടുക്കാനുള്ള പ്രൊവിഷനില്ല. ആൾക്കഹോൾ കണ്ടന്റ് കൂടുതലുള്ള മദ്യം കുടിക്കാതിരിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. കുറച്ച് വിവരമുള്ള ആളുകളാണ് എം.എൽ.എ.മാർ എന്നുള്ള ധാരണയിലാണ് ഞാൻ മറുപടി പറയുന്നത്. വീര്യം കൂടിയത് കൊടുക്കേണ്ട, വൈൻ ആരോഗ്യത്തിന് നല്ലതാണെന്ന് ഡോക്ടർമാരും പറയുന്നു. അതിൽ ആൽക്കഹോളിക് കണ്ടന്റ് വളരെ കുറവാണ്. അതുകൊണ്ട് ഇത് കൊടുക്കണം എന്നുള്ളതാണ്. ഇത് ഏത് മദ്യലോബിയെയാണ് സഹായിക്കുന്നത്? മറ്റൊന്ന് micro brewery ഇത് എല്ലാ സ്ഥലത്തും ഉള്ളതാണ്. പബ്ലിക് അണ്ടർടേക്കിംഗ് ആയ മസ്ക്കറ്റ് ഹോട്ടലിൽ മാത്രമാണ് ഇത് പ്രൂവ് ചെയ്തത്. നിങ്ങളെല്ലാം നിരന്തരമായി എല്ലാ മൂലയിലും കള്ള്ഷാപ്പ് കൊടുക്കണമെന്നു പറഞ്ഞിട്ടുപോലും ഞാൻ കൊടുത്തില്ല. ഇവിടെ മുഴുവൻ കള്ള് ഒഴുക്കാൻവേണ്ടി എല്ലാ സ്ഥലത്തും കൊടുക്കണം, 5600 മദ്യഷാപ്പ് ഉണ്ടായിരുന്നു മുഴുവൻ കൊടുക്കണമെന്ന് ശ്രീ. വിശ്വനും അദ്ദേഹത്തിന്റെ ആൾക്കാരും പറഞ്ഞിട്ട് ഞാൻ സമ്മതിച്ചില്ല. നാലായിരം കള്ള് ഷാപ്പ് ഉള്ളതിൽ ഒരു ഷാപ്പുപോലും പൂട്ടാൻ ഞാൻ സമ്മതിച്ചില്ല. വീര്യം കൂടിയ മദ്യത്തിനു പകരം വീര്യം കുറഞ്ഞ മദ്യം കൊടുക്കണമെന്ന ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ട് ഘട്ടം ഘട്ടമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതാണ് ബാർ ലൈസൻസിന് പകരം വൈൻ കൊടുക്കാം എന്നു പറഞ്ഞത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആരോടും ഒരു കടപ്പാടുമില്ല. ഒരു മദ്യ ലോബിയേയും സഹായിക്കുന്നില്ല. അവരെ ആരേയും അടുപ്പിക്കുന്ന പ്രശ്നമില്ല എന്നു മാത്രമാണ് പറയാനുള്ളത്.

(4) നേമത്തെ ശ്രീവിദ്യാധിരാജാ ഹോമിയോ കോളേജിലെ ജീവനക്കാർക്ക് ശമ്പളം നൽകണമെന്ന ആവശ്യം

ശ്രീ. എം. മുരളി: സർ, കേരളത്തിലെ മൂന്ന് സഹകാര്യ ഹോമിയോ കോളേജുകളും എയ്ഡഡ് കോളേജുകളാക്കാൻ 1995-ൽ സർക്കാർ തീരുമാനിച്ചു. കുറിച്ചി, ചോറ്റാനിക്കര, തിരുവനന്തപുരത്ത് നേമം എന്നിവിടങ്ങളിലെ മൂന്ന് കോളേജുകളാണ് എയ്ഡഡ് കോളേജുകളാക്കി മാറ്റാൻ തീരുമാനിച്ചത്. അതിലൊന്നായ നേമത്തെ ശ്രീവിദ്യാധിരാജാ ഹോമിയോ കോളേജ് കേരളാ യൂണിവേഴ്സിറ്റിയുടെ നിലപാട്

LIBRARY ARCHIVES Kerala Legislative Assembly

കാരണം 2002 സെപ്റ്റംബർ ഒന്നിനാണ് എയ്ഡഡ് കോളേജാക്കി മാറ്റിയത്. 40 വർഷത്തെ പാരമ്പര്യമുള്ള, 1965-ൽ പ്രവർത്തനം ആരംഭിച്ച ഈ കോളേജ് 2002 സെപ്റ്റംബർ ഒന്നു മുതൽ എയ്ഡഡ് കോളേജ് ആക്കിമാറ്റിയപ്പോൾ ടീച്ചിംഗ് സ്റ്റാഫിനും നോൺ ടീച്ചിംഗ് സ്റ്റാഫിനും എയ്ഡഡ് കോളേജ് ആക്കുന്നതിന്റെ തൊട്ടു തലേദിവസമുള്ള ശമ്പളം കൊടുക്കാനാണ് മന്ത്രിസഭാ തീരുമാനപ്രകാരം സർക്കാർ ഉത്തരവ് ഇറക്കിയത്. ആദ്യത്തെ ഏതാനും മാസങ്ങളിൽ അങ്ങനെ ശമ്പളം നൽകി. 2004 മേയ് മാസം മുതൽ കഴിഞ്ഞ പത്ത് മാസമായി സ്റ്റാഫ് ഫിക്സേഷന് കാലതാമസം ഉണ്ടാകുന്നു എന്നു പറഞ്ഞ് ശമ്പളം നിഷേധിച്ചിരിക്കയാണ്. സ്റ്റാഫ് പാറ്റേൺ തീരുമാനിക്കുന്നതിനും സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിനും മനഃപൂർവ്വം ചിലർ കാലതാമസം വരുത്തുകയാണ്. ഇപ്രകാരം ടീച്ചിംഗ് സ്റ്റാഫിനും നോൺ ടീച്ചിംഗ് സ്റ്റാഫിനും ശമ്പളം നിഷേധിക്കുന്നത് മനുഷ്യാവകാശ ധ്വംസനവും അനീതിയുമാണ്. ശമ്പളം കൊടുക്കാനും സർക്കാർ ഉത്തരവ് പാലിക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകണം. ഈ അനീതി തിരുത്തണം.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)* : സർ, തിരുവനന്തപുരത്ത് നേമത്തുള്ള ശ്രീ വിദ്യാധിരാജാ ഹോമിയോ കോളേജിൽ 1-9-2002 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 3-4-2004-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡയറക്ട് പേമെന്റ് സംവിധാനം ഏർപ്പെടുത്തി. സ്റ്റാഫ് ഫിക്സേഷൻ തീരുമാനം ആകുംവരെ എയ്ഡഡ് സ്ഥാപനമാക്കുന്നതിന് തൊട്ട് മുമ്പുള്ള ശമ്പളം നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. 30-6-2004-ന് മുമ്പ് സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കണമെന്ന നിർദ്ദേശം പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർക്ക് നൽകിയിരുന്നു. എന്നാൽ 30-6-2004 വരെയും സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ മാനേജ്മെന്റ് ലഭ്യമാക്കാതിരുന്നതിനാൽ അതിനുശേഷം സ്റ്റാഫിന്റെ ശമ്പള ബില്ലുകൾ കൗണ്ടർസൈൻ ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്ന് പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ സർക്കാരിനെ അറിയിച്ചു. ഈ കോളേജിൽ 7-7-2001-ൽ 11 ടീച്ചിംഗ് സ്റ്റാഫും 17 നോൺ ടീച്ചിംഗ് സ്റ്റാഫും ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഡയറക്ട് പേമെന്റ് അനുവദിച്ചപ്പോൾ 16 ടീച്ചിംഗ് സ്റ്റാഫും 49 നോൺ ടീച്ചിംഗ് സ്റ്റാഫും ഉള്ളതായി കണ്ടു. സ്റ്റാഫ് പാറ്റേണിന്റെ വർദ്ധനയിൽ അപാകതയുള്ളതായി സംശയം ജനിച്ചു. മാനദണ്ഡങ്ങൾക്കനുസരിച്ച് സ്റ്റാഫ് ഫിക്സേഷൻ പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ആവശ്യമില്ലാത്ത തസ്തികകൾ ഒഴിവാക്കി ഫിക്സേഷൻ നടത്താനാണ് തീരുമാനം. ചോറ്റാനിക്കരയിലെ ഡോ. പരിയാർ മെമ്മോറിയൽ മെഡിക്കൽ കോളേജിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തിയപ്പോൾ ഉണ്ടായ പ്രശ്നങ്ങൾ കോടതി നടപടികൾക്ക് ഇടയാക്കി. ശ്രീ വിദ്യാധിരാജാ ഹോമിയോ മെഡിക്കൽ കോളേജിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ അത്തരം പ്രശ്നങ്ങൾക്ക് ഇട നൽകാത്ത തരത്തിൽ കുറ്റമറ്റ രീതിയിൽ സ്റ്റാഫ് ഫിക്സേഷൻ നടത്താനാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിന് ആവശ്യമായ വിവരങ്ങൾ കോളേജ് അധികൃതരിൽ നിന്ന് വാങ്ങി എത്രയും പെട്ടെന്ന് സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കി അർഹരായ മുഴുവൻ ജീവനക്കാർക്കും കാലതാമസമില്ലാതെ ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(5) താമരശ്ശേരിയിൽ വ്യവസായ വികസന കേന്ദ്രം സ്ഥാപിക്കാൻ നടപടി

ശ്രീ. സി. മോയിൻകുട്ടി : സർ, വളരെയേറെ ഗൗരവമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താനുള്ളത്. കേരളത്തിലെ സാമ്പത്തിക വ്യാവസായിക വികസനത്തിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ ഒട്ടേറെയാണെങ്കിലും ഏറ്റവും പ്രധാനമായിട്ടുള്ളത് സാമ്പത്തിക ദുരിതം തന്നെയാണ്. എന്റെ മണ്ഡലത്തിലെ ദേശീയ പാത 212 നോടും താമരശ്ശേരി ടൗണിനോട് ചേർന്നുമുള്ള 20 ഏക്കർ 4.3 സെന്റ് സ്ഥലം അഞ്ചു വർഷം മുമ്പ് കേരളത്തിലെ വ്യവസായ വകുപ്പ് വിലയ്ക്കെടുത്തിട്ടുള്ളതാണ്. ഒന്നേകാൽക്കോടി രൂപ മുതൽ മുടക്കുള്ള സ്ഥലമാണിത്. നിരവധി വർഷങ്ങളായി ഈ സ്ഥലം വെറുതെ കിടക്കുകയാണ്. ഇത് ജില്ലാ പഞ്ചായത്തിനെ ഏൽപ്പിച്ചതാണ്. പക്ഷേ യാതൊരു തുടർ നടപടികളും ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഒന്നേകാൽക്കോടി രൂപ മുതൽ മുടക്കിയ ഈ സ്ഥലം അഞ്ചുവർഷമായി വെറുതെ കിടക്കുകയാണ്. കൃഷിക്കാരുടെ മേഖലയാണ് എന്റെ മണ്ഡലം. തൊഴിലില്ലായ്മയും അതിരൂക്ഷമാണ്. വളരെയേറെ പ്രയാസവും ദുരിതവുള്ള ആളുകളാണ് ഇവിടെയുള്ളത്. അടിയന്തിരമായി ഈ കാര്യത്തിൽ ഇടപെട്ട് ഈ സ്ഥലം ഗവൺമെന്റ് ഏറ്റെടുത്ത് ഒരു ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി വളരെ ഫലപ്രദമായി ഇക്കാര്യത്തിൽ ഇടപെട്ട് പരിഹാരം ഉണ്ടാക്കണം. സർക്കാർ ഖജനാവിൽ നിന്നുള്ള പണമാണ് വെറുതെ കെട്ടിക്കിടക്കുന്നത്. അത് പ്രയോജനപ്പെടുത്താനും കൂടുതൽ ആൾക്കാർക്ക് ജോലി നൽകുന്നതിനും അവിടെ വ്യവസായ സംരംഭങ്ങൾ നടത്തുന്നതിനും വേണ്ടി നേരിട്ടുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. സമയ ബന്ധിതമായി ഈ കാര്യങ്ങളിൽ അങ്ങ് തീരുമാനമെടുക്കണമെന്ന് അപേക്ഷിക്കുകയാണ്.